LIBRARY ARCHIVES Kerala Legislative Assembly

തുമ്പൂർമുഴി-ഏഴാറ്റുമുഖം തൂക്കുപാലം

102 (1572) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റു കേന്ദ്രങ്ങളായ തുമ്പൂർമുഴിയേയും-ഏഴാറ്റുമുഖത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലം നിർമ്മിക്കുവാനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് തൂക്കുപാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) തുമ്പൂർമുഴിയേയും ഏഴാറ്റുമുഖത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലം നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ആവശ്യമായതിനാൽ പ്രസ്തുത വകുപ്പുമായി ചർച്ചനടത്തുകയും തൂക്കുപാലം നിർമ്മിക്കാൻ സ്ഥലംവിട്ടുനൽകാമെന്ന് തത്വത്തിൽ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിന്റെ പ്രാഥമിക പ്രവർത്തനം ആയിട്ടില്ല. പല വകുപ്പുകളുടേയും അനുമതി ഇതുമായി ബന്ധപ്പെട്ട് വേണ്ടിവരും. ആയതുകൂടി കഴിഞ്ഞാൽമാത്രമേ പ്രവൃത്തിയുടെ സമയക്രമം നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

കെ.ടി.ഡി.സി.-യിലെ ജീവനക്കാർ

103 (1573) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.സി. (കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ) എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) കെ.ടി.ഡി.സിയിലും അനുബന്ധ സ്ഥാപനത്തിലും 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താല്ക്കാലിക ജീവനക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചു വിട്ടു ; എത്ര പേരെ പുതിയതായി നിയമിച്ചു ;

(ഇ) പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദ വിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിര പ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1965-ൽ.

(ബി) കെ.ടി.ഡി.സി.-യിൽ 1-6-2005-ൽ 671 സ്ഥിരം ജീവനക്കാരും, 69 കരാർ ജീവനക്കാരും ഉണ്ടായിരുന്നു.

(സി) കെ.ടി.ഡി.സി.-യിൽ സർവ്വീസ് റൂളിലുള്ള റിക്രൂട്ട്മെന്റ് റൂൾ അനുസരിച്ച് ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽവരുന്ന തൊഴിലാളികളുടെയും, Industrial Dispute Act-ന്റെ പരിധിയിൽവരുന്ന സൂപ്പർ വൈസറിയും/മാനേജീ രിയലുംപെടുന്ന തസ്തികകൾ ഒഴിച്ചുള്ള എല്ലാ തസ്തികകളിലെയും നിയമന ങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. മറ്റുള്ളവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്രപരസ്യംവഴിയും നിയമനം നടത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മൂന്നുപേരെ പിരിച്ചു വിടുകയും 58 പുതിയ നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പി.എസ്.സി. അനുമതി യോടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(എഫ്) പി.എസ്.സി. അനുമതിയില്ലാതെ പി.എസ്.സി.-യുടെ പരിധി യിൽവരുന്ന തസ്തികകളിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ജി) 31-12-2010-ൽ കെ.ടി.ഡി.സി.-യിൽ 565 സ്ഥിരം ജീവനക്കാരും 225 കരാർ ജീവനക്കാരും ഉണ്ടായിരുന്നു.

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാളിനെതിരായ വ്യാജ പരാതി

104 (1574) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പാളിന്റെ പേരിൽ 21-8-1999-ൽ ഇ 11/99/641 നമ്പരായി ടൂറിസം വകുപ്പ് ഡയറക്ടർക്ക് ഒരു കത്ത് ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത കത്ത് വ്യാജമായിരുന്നുവെന്ന് ടൂറിസം വകുപ്പ് കണ്ടെ ത്തിയിരുന്നോ ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത കത്ത് വ്യാജമാണെന്ന് തെളിഞ്ഞത് ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly